# Deepika
# 12 August 2018
# Kochi, Flood Relief Activities, KCBC

## സഭാസ്ഥാപനങ്ങളും വിശ്വാസികളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കണം

**കൊച്ചി:** സംസ്ഥാനത്തെ പ്രളയ സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിന് അധികൃതരുടെ നിർദേശങ്ങളോടു സഹകരിച്ചു പ്രവർത്തിക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി. കത്തോലിക്കാസഭയുടെ എല്ലാ സ്ഥാപനങ്ങളും ഇടവകകളും വിശ്വാസിസമൂഹവും പ്രാദേശിക ഭരണ സംവിധാനങ്ങളോടും മറ്റു സന്നദ്ധസംഘടനകളോടും ചേർന്നു ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കണം.

ഓരോ പ്രദേശത്തെയും സാഹചര്യവും ആവശ്യങ്ങളുമനുസരിച്ച് അടിയന്തര വൈദ്യസഹായം ഉൾപ്പെടെയുള്ള സഹായമെത്തിക്കാൻ സഭയുടെ എല്ലാ സംവിധാനങ്ങളും ശ്രദ്ധിക്കണം. കെസിബിസിയുടെ സാമൂഹ്യക്ഷേമ വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം അതതു രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സമർപ്പിത സമൂഹങ്ങളുമായി ചേർന്ന് അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു മുന്നിട്ടിറങ്ങും.

സഭയുടെ സാമൂഹ്യക്ഷേമവിഭാഗം ആഴ്ചകളായി കുട്ടനാട്ടിലെ പ്രളയ മേഖലയിൽ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമാണ്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് അണക്കെട്ടുകളുയർത്തുന്ന സുരക്ഷാ ഭീഷണി നിസാരമല്ല. മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീംകോടതി നൽകിയിട്ടുള്ള മാർഗനിർദേശം പാലിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയാറാകണം. ഇക്കാര്യത്തിൽ ജനങ്ങളുടെ സുരക്ഷയ്ക്കു പ്രാധാന്യം നൽകിയുള്ള പുനഃപരിശോധനകൾക്കു മടിക്കരുത്.

കടലിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താനും മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ ജീവന് സംരക്ഷണം ഉറപ്പുവരുത്താനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൂടുതൽ ജാഗ്രത പുലർത്തണം. അപകടത്തിൽപ്പെട്ട ഒമ്പതു പേരെ ഇനിയും കണ്ടെത്താനായിട്ടില്ലെന്നത് ഏറെ വേദനാജനകമാണ്. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കടൽ അപകടത്തിലും ജീവൻ നഷ്ടപ്പെട്ടവർക്കു കെസിബിസി ആദരാഞ്ജലികളർപ്പിച്ചു. പ്രിയപ്പെട്ടവരുടെ വേർപാടിൽ വേദനിക്കുകയും വീടും വസ്തുവകകളും നഷ്ടമായതിൽ ദുഃഖിക്കുകയും ചെയ്യുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അവരുടെ ആശ്വാസത്തിനായി പ്രത്യേക പ്രാർഥന നടത്തുകയും ചെയ്തു.

ചെറുകിട കർഷകർക്കും സാധാരണക്കാർക്കുംനേരേ, ധനകാര്യസ്ഥാപനങ്ങൾ സർഫാസി നിയമംപോലെ പ്രതിലോമകരമായ നിയമമാർഗങ്ങളിലൂടെ നടത്തുന്ന അതിക്രമങ്ങൾ അധികൃതരുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. സർഫാസി നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുകയോ നിയമംതന്നെ പിൻവലിക്കുകയോ ചെയ്തു രാജ്യത്തു ദരിദ്രർക്കും സാധാരണക്കാർക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ നിയമനിർമാതാക്കളും ജുഡീഷറിയും തയാറാകണം. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ അടിയന്തരശ്രദ്ധ പതിയണമെന്നും കെസിബിസി പത്രക്കുറിപ്പിൽ പറഞ്ഞു.